(ഡി) എമർജിംഗ് കേരള സംഗമത്തിൽ വന്ന പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം കൊടുക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ കൗൺസിലും ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കിക്കൊണ്ട് പദ്ധതികൾക്ക് അംഗീകാരം കൊടുക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീകരിച്ചിട്ടുണ്ട്. അതുപോലെ എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളെയും പദ്ധതികളെയും ഫലവത്താക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്.

എമർജിംഗ് കേരള

238 (583) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിലൂടെ കേരളത്തിൽ എത്ര കോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത് ;

(ബി) വ്യവസായ വകുപ്പിനു കീഴിൽ എത്ര പദ്ധതികളിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഇതിനകം ഉണ്ടായിട്ടുണ്ട് ; പദ്ധതിയും അവയുടെ ഇതിനകമുണ്ടായ നിർവ്വഹണ ചെലവും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷം പദ്ധതികളുടെ എണ്ണം 148 ആയി നിശ്ചയിച്ചു. ഇവയിലൂടെ ഏകദേശം 93734 കോടിരൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിച്ചിരുന്നത്. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ വരുന്ന 19 പദ്ധതികളുടെ ആകെ നിക്ഷേപം ഏകദേശം 20969 കോടിരൂപയാണ്. ഇതിൽ 2 പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 17 പദ്ധതികൾ പുരോഗമിച്ചുവരുന്നു. പൂർത്തിയായ 2 പദ്ധതികളുടെ ആകെ നിക്ഷേപം ഏകദേശം 209 കോടിരൂപയാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly